## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12.06.2018 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 2407**

### ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി. കെ . ബഷീർ** | | **ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് കൊണ്ടു വന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ)<br>(ബി)<br>&<br>(സി) | സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി സംരംഭകർക്കുള്ള അനുമതികൾ അതിവേഗം നൽകുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ വരുത്തിക്കൊണ്ട് 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്റ്റ് നിലവിൽ വന്നു.<br>വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികൾക്ക് ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ , വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാനത്ത് ഒരു ഓൺലൈൻ |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കാൻ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | | |
| (സി) | വ്യവസായ രംഗത്ത് പ്രസ്തുത പദ്ധതികൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സംവിധാനവും പൊതുവായുള്ള ഒരു അപേക്ഷാഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം ) നടപ്പിലാക്കി വരുന്നു. പ്രസ്തുത ഏകീകൃ അപേക്ഷാ ഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന എല്ലാ വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈൻ ആയി ലഭ്യമാകുന്നതാണ്.<br>സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ് മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ ((IPFC) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുവാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ.<br>സർക്കാർ ഇപ്പോൾ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾ മൂലം കേരളത്തിലെ നിലവിലുള്ള വ്യവസായ സംരംഭകർക്കും, നവസംരംഭ കർക്കും അനായാസം നിക്ഷേപം നടത്തുവാനും അതുവഴി കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും സാധിക്കുന്നതാണ്.<br>ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആകർഷകമായ സാമ്പത്തിക പാക്കേജുകൾ, നിക്ഷേപകർക്കുള്ള വഴികാട്ടൽ തുടങ്ങിയ വിവിധ ഏജൻസികളിലൂടെ നടപ്പിലാക്കിക്കൊണ്ട് സർക്കാർ സംസ്ഥാനത്ത് നിക്ഷേപകർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ ലക്ഷ്യം വയ്ക്കുന്നു. ആകർഷണീയമായ നിക്ഷേപകേന്ദ്ര മാകുന്നതിലൂടെ സാമ്പത്തികവും, വ്യാവസായി കവുമായ വളർച്ച കൈവരിക്കുക, സംരംഭക |

| | | | |
|---|---|---|---|
| | | | സമൂഹം സൃഷ്ടിക്കുക, തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങ ളോടുകൂടി സംസ്ഥാന സർക്കാർ നിക്ഷേപസൗഹൃദമായ ഒരു വ്യവസായ വാണിജ്യനയം വിഭാവനം ചെയ്തിട്ടുണ്ട്. |

Bindu.T

**സെക്ഷൻ ഓഫീസർ**